# ഇറാൻ പ്രതിനിധാനങ്ങൾ

...... **നമ്മു**ടെ പൊതുബോധത്തിൽ മാധ്യമങ്ങൾ പതിപ്പിച്ചിട്ടുള്ള ആശയം ഇറാൻ ഒരു ഇസ്‌ലാം തീവ്രവാദരാജ്യവും ലോകം ഭയക്കേണ്ട ഒരു സംസ്കൃതി രൂപം കൊള്ളുന്ന സ്ഥലവുമാണെന്നാണ്. പക്ഷേ, അവരുടെ സിനിമകൾ ലളിതവും സൗന്ദര്യാത്മകവും നിഷ്കളങ്കവും സത്യസന്ധവും മനുഷ്യരുടെ നന്മകളിൽ ആവേശം കൊള്ളുകയും ചെയ്യുന്നതായി അനുഭവപ്പെടുന്നു. ഇക്കാരണങ്ങൾകൊണ്ട് തന്നെ ഇറാനിയൻ ചലച്ചിത്രപരിസരത്തെയും സാമൂഹിക-രാഷ്ട്രീയ പരിസരത്തെയും ചലച്ചിത്ര പ്രവർത്തകരെയും അടുത്തറിയാനും പരിചയപ്പെടാനും കിട്ടുന്ന ഈ അവസരം നഷ്ടപ്പെടുത്തരുതെന്നുതന്നെ ഞങ്ങൾ തീരുമാനിച്ചു. വരുന്നത് വരട്ടെ, പോവുകതന്നെ. ഇറാനെക്കുറിച്ച് പൊതുസമൂഹത്തിൽ നിലനിൽക്കുന്ന ധാരണകളുടെ സ്വാധീനം കൊണ്ടുകൂടിയാകാം, പിന്നീട് തെറ്റെന്ന് ബോധ്യപ്പെട്ട പല വസ്തുതകളും എന്റെയുള്ളിലും ഉണ്ടായിരുന്നു. അതിലൊന്ന് ഇസ്‌ലാമിക ഭരണകൂടം സ്ത്രീകളുടെ സ്വാതന്ത്ര്യം, വിദ്യാഭ്യാസം, തൊഴിൽ തുടങ്ങിയ കാര്യങ്ങളിൽ വളരെ പ്രതിലോമകരമായ നിലപാടുകളായിരിക്കും സാധാരണഗതിയിൽ സ്വീകരിച്ചിട്ടുണ്ടാവുക എന്നുള്ളതാണ്. പക്ഷേ, തെഹ്റാൻ വിമാനത്താവളത്തിൽ ഇറങ്ങുമ്പോൾതന്നെ സ്ത്രീകളെക്കുറിച്ചുണ്ടായിരുന്ന ധാരണകളുരുകാൻ തുടങ്ങി. വിമാനത്താവളത്തിൽ പല തസ്തികകളിലും സ്ത്രീകൾ ജോലി ചെയ്യുന്നു. ഇതെന്തത്ഭുതമെന്നാണ് ഞങ്ങളാലോചിച്ചത്. ഇന്ത്യയിലെ വിമാനത്താവളങ്ങളിൽ സ്ത്രീകളുടെ തൊഴിൽ സാന്നിധ്യം വളരെ കുറവാണെന്നുമോർക്കുക. വളരെ മനോഹരവും ആധുനികവും ഒപ്പം പൗരാണികസംസ്കൃതിയുടെ മുദ്രകളുള്ളതുമായ എയർപോർട്ട് ഈ രാജ്യത്തിന്റെ ചില സൂചകങ്ങളാണെന്നു തോന്നി. ഞങ്ങൾ ഇസ്ഫഹാനിൽ താമസിച്ചിരുന്ന വലിയ ഹോട്ടലിലെ ജോലിക്കാരേറെയും സ്ത്രീകളായിരുന്നു. ഹോട്ടലിൽതന്നെ ഒരു ക്ലിനിക്കും ഡോക്ടർമാരും പ്രവർത്തിക്കുന്നുണ്ട്. രണ്ടു പേരും സ്ത്രീകൾതന്നെ...........

......... തെരുവുകളിൽ, ബസാറുകളിൽ ഒക്കെ സഞ്ചരിക്കുമ്പോൾ അപരിചിതരായ മനുഷ്യർ ചിരിക്കുന്നതും അഭിവാദ്യം ചെയ്യുന്നതും ഒരു മഹാസംസ്കൃതിയുടെ അടയാളങ്ങൾ തന്നെയല്ലെങ്കിൽ മറ്റെന്താണ്? ചിലരൊക്കെ നമ്മളോട്, പാകിസ്ഥാൻ, ഹിന്ദുസ്ഥാൻ എന്നൊക്കെ ചോദിക്കുമ്പോൾ ഞാൻ കരുതി, ഇന്ത്യയിൽനിന്ന് എന്നു പറയുമ്പോൾ അവർക്കത്ര ഇഷ്ടമുണ്ടാവില്ല എന്ന്. സ്വാഭാവികമായും മുസ്‌ലിം രാഷ്ട്രമായ പാകിസ്ഥാൻകാരെയായിരിക്കും അവർക്ക് കൂടുതൽ ഇഷ്ടം എന്നാണ് ഞാൻ വിചാരിച്ചത്. പക്ഷേ ഞങ്ങളെ അമ്പരപ്പിച്ചുകൊണ്ട്, ഇന്ത്യ എന്ന് പറയുമ്പോഴേക്കും അവർ നമ്മെ ആഹ്ലാദത്തോടെ നോക്കുകയും ചിലരൊക്കെ കൈ പിടിക്കുകയും ചിലരൊക്കെ ആശ്ലേഷിക്കുകയും ചെയ്യുന്നുണ്ട്. ടെഹ്റാനിലുണ്ടായിരുന്ന ഞങ്ങളുടെ സുഹൃത്ത് രാമചന്ദ്രൻ പറഞ്ഞു, ഇന്ത്യക്കാരോട് ഇറാൻകാർക്ക് വലിയ ഇഷ്ടവും ബഹുമാനവുമാണ്. പാകിസ്ഥാനികളോട് ചില അനിഷ്ടങ്ങളും ഉണ്ട്.....

....... വിവാഹമോചനക്കേസുകളെക്കുറിച്ചുള്ള ഒരു പ്രശസ്ത ഇറാനിയൻ ഡോക്യുമെന്ററി സിനിമ ഞാനോർത്തു. വിവാഹക്കോടതിയിൽ പുരുഷന്റെ അധികാരത്തെ, ധാർഷ്ട്യത്തെ ചോദ്യംചെയ്യുന്ന, സ്വതന്ത്രമായും നിർഭയമായും സ്ത്രീത്വത്തെ ഉയർത്തിപ്പിടിക്കുന്ന സ്ത്രീകളെക്കുറിച്ചുള്ള ആ സിനിമ എന്നെ അത്ഭുതപ്പെടുത്തിയതാണ്. നമ്മളുടെ പൊതുബോധം നമ്മെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നത് മുസ്‌ലിംകൾ ഇഷ്ടംപോലെ പെണ്ണുങ്ങളെ കെട്ടി കൈയൊഴിയുകയാണെന്നാണല്ലോ. എന്നാൽ സിനിമ കാണിക്കുന്നത് വേറൊരു ചിത്രമാണ്. കരുത്തുള്ള സ്ത്രീകളെയാണ് സമൂഹത്തിൽ കാണാൻ കഴിഞ്ഞത്.

തെഹ്റാൻ നഗരത്തിൽ സുഹൃത്ത് രാമചന്ദ്രന്റെയൊപ്പം (രാമചന്ദ്രൻ ഇറാൻ എയർലൈൻസിലെ വളരെ ഉന്നതനായ ഒരോഫീസറാണ്) താമസിച്ചപ്പോൾ രാത്രികളിൽ നഗരത്തിലൂടെ സഞ്ചരിക്കുമായിരുന്നു. രാത്രിയിലും സ്ത്രീകൾ ഒറ്റക്ക് സഞ്ചരിക്കുക മാത്രമല്ല രാത്രിയിൽ അസമയത്തു കൂടി ഷെയർ ടാക്സിയിൽ മറ്റപരിചിതരായ ആളുകൾക്കൊപ്പം ഒറ്റക്ക് സഞ്ചരിക്കാനുള്ള ധൈര്യവും സാഹചര്യവും അവർക്കുണ്ട്. മക്മൽമഫിന്റെ മകൾ സമീറ 2007ൽ തന്റെ Two Legged Horses എന്ന സിനിമ അഫ്ഗാന്റെ വടക്കൻ നഗരത്തിൽ വെച്ച് ഷൂട്ട് ചെയ്യുമ്പോൾ ബോംബാക്രമണത്തിന് വിധേയയായി. ക്യാമറാമാനടക്കം നിരവധിയാളുകൾക്ക് പരിക്കുപറ്റിയെങ്കിലും സമീറ അടുത്ത ലൊക്കേഷനിലേക്ക് ഷൂട്ടിങ്ങ് മാറ്റിക്കൊണ്ട് സിനിമ പൂർത്തിയാക്കി. 14 വയസ്സിൽ സിനിമ നിർമിച്ചു തുടങ്ങിയ സമീറയുടെ കരുത്തും ധൈര്യവും ആത്മവിശ്വാസവും 'സ്വതന്ത്ര ജനാധിപത്യ ഇന്ത്യയിലെ' പെൺകുട്ടികൾക്ക് ഇനിയും കൈവരിക്കാനാവാത്തതെന്തുകൊണ്ടെന്ന് ഞാനിപ്പോഴുമാലോചിക്കുന്നുണ്ട്. ഈ മതേതര ജനാധിപത്യ സ്വതന്ത്ര കേരളത്തിൽനിന്നു പോലും സമീറയെപ്പോലെ ഒരു പെൺകുട്ടി ക്യാമറ കൈയിലേന്തി ലോകത്തിന്റെ മുമ്പിൽ തലയുയർത്തിനിൽക്കാൻതക്ക വിധത്തിൽ പാകപ്പെട്ടുവരാത്തതെന്തുകൊണ്ടെന്നുകൂടി നാം ഉത്കണ്ഠപ്പെടേണ്ടതുണ്ട്...........

(*ദേശാഭിമാനി* വാരിക, 2008 ജൂലൈ 27)